# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

അൺ-എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ – ധനകാര്യസ്ഥാപനങ്ങളിൽ വസ്തു ഈടുവയ്ക്കാനും വായ്പകളെടുക്കാനും വേണ്ടിയുള്ള അനുമതിക്കുവേണ്ടി കേരള ആർട്സ് ആൻഡ് സയൻസ് അൺ-എയ്ഡഡ് കോളേജ് മാനേജ്മെൻറ് അസോസിയേഷൻ സമർപ്പിച്ച നിവേദനം – നിരസിക്കാനുള്ള തീരുമാനം – ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## അക്കാദമിക് എ.7 വിഭാഗം

യൂ.ഉ. നം.4281/3/17/എ.സി.എ.7 തീയതി, പി.ഡി.ഹിൽസ്, 13.07.2017

---

പരാമർശം:-

1) കേരള ആർട്സ് ആൻഡ് സയൻസ് അൺ-എയ്ഡഡ് കോളേജ് മാനേജ്മെൻറ് അസോസിയേഷൻ സമർപ്പിച്ച 02.09.2013 –ലെ നിവേദനം.

2) '47/17.07/7270' എന്ന ഇനം പ്രകാരം 05.06.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് (17.07) കൈക്കൊണ്ടിട്ടുള്ള തീരുമാനം.

## ഉത്തരവ്

ശ്രീനാരായണ ഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (എസ്.എൻ.ജി.ഐ.എസ്.ടി) വടക്കൻ പറവൂർ എന്ന സ്ഥാപനം കോളേജ് സ്ഥിതിചെയ്യുന്ന വസ്തുവകകൾ ഈടുവച്ചുകൊണ്ട് ബാങ്ക് ലോൺ എടുത്തിരുന്നതിനെ വിലക്കിക്കൊണ്ട് ലോണുകൾ അടക്കമുള്ള ബാധ്യതകൾ എത്രയും വേഗം തീർത്ത് സാക്ഷ്യപത്രം ഹാജരാക്കാണമെന്ന സർവകലാശാലയുടെ നിർദ്ദേശത്തെത്തുടർന്ന് കേരള ആർട്സ് ആൻഡ് സയൻസ് അൺ-എയ്ഡഡ് കോളേജ് മാനേജ്മെൻറ് അസോസിയേഷൻ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. ഇതിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വാശ്രയകോളേജുകൾ നൽകുന്ന സംഭാവനകളെപ്പറ്റി വിവരിക്കുകയും കോളേജുകൾ ലഭ്യമാക്കുന്ന സൗകര്യങ്ങൾ നിലനിർത്താനായി വസ്തുവകകളുടെ ഈടിന്മേൽ ലോണുകളെടുക്കാൻ കോളേജുകളെ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

മഹാത്മാഗാന്ധി സർവകലാശാലാ സ്റ്റാറ്റ്യൂട്ടുകൾ 1997, അദ്ധ്യായം 23, വകുപ്പ് 25(2) പ്രകാരം കോളേജുകൾ പ്രവർത്തിക്കുന്ന വസ്തു ഒരു ബാധ്യതകളുമില്ലാത്തതും കോളേജിൻെറ ആവശ്യത്തിനുമാത്രം ഉപയോഗിക്കപ്പെടുന്നതുമായിരിക്കണം. കേരള ആർട്സ് ആൻഡ് സയൻസ് അൺ-എയ്ഡഡ് കോളേജ് മാനേജ്മെൻറ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിലെ ആവശ്യം സ്റ്റാറ്റ്യൂട്ടിലെ മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ തീരുമാനത്തിനും നടപടിയ്ക്കുമായി സിൻഡിക്കേറ്റിനു സമർപ്പിച്ചിരുന്നു.

പരാമർശം (2) പ്രകാരം 05.06.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് വസ്തുവകകളുടെ ഈടിന്മേൽ ലോണുകളെടുക്കാൻ കോളേജുകളെ അനുവദിക്കണമെന്ന കേരള ആർട്സ് ആൻഡ് സയൻസ് അൺ-എയ്ഡഡ് കോളേജ് മാനേജ്മെൻറ് അസോസിയേഷൻ സമർപ്പിച്ച നിവേദനം നിരസിക്കാൻ തീരുമാനിച്ചു..

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

സുകുമാരൻ.ടി.ബി

അസിസ്റ്റൻറ് രജിസ്ട്രാർ-I (അക്കാദമിക്)

രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. പ്രസിഡൻറ് ,സെക്രട്ടറി, കേരള ആർട്സ് ആൻഡ് സയൻസ് അൺ-എയ്ഡഡ് കോളേജ് മാനേജ്മെൻറ് അസോസിയേഷൻ
2. വി.സി, പി.വി.സി എന്നിവരുടെ പി.എസ്
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പി.എ
4. ജെ.ആർ-II(ഭരണവിഭാഗം),ഡി.ആർ-I,എ.ആർ-I (അക്കാദമിക്), ജെ.ആർ-(പരീക്ഷ).
5. എസി.സി (സിൻഡിക്കേറ്റ്) സെക്ഷൻ/ ലീഗൽ സെക്ഷൻ
6. എഡി.ബി.6/ ഓഡിറ്റ് സെക്ഷൻ.
7. റെക്കോർഡ് സെക്ഷൻ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. 2994/Misc/3/13/Ac AVII

15